**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1141** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ടൂറിസം രംഗത്തെ അനന്ത സാധ്യതകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ടൂറിസം രംഗത്തെ അനന്ത സാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്തെ ഒരു ടൂറിസം ഹബ്ബ് ആക്കി മാറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

**<u>മറുപടി:</u> സംസ്ഥാനത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ സാധ്യതകൾ വിശകലനം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു. ഹെലി ടൂറിസം, ഡെസ്റ്റിനേഷൻ വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതിനും ദേശീയ/ അന്തരാഷ്ട്ര ഫെയറുകൾ സംഘടിപ്പിക്കുക, ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം ചാമ്പ്യൻസ് ബോട്ട് ലീഗ് , സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു.**

**ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ഫെസ്റ്റിവൽ എക്സ്പീരിയൻഷ്യൽ ടൂറിസം,ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസ്സിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ, വിവിധ രംഗകലകൾ ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ, ഗ്രീൻ മാർഷൽ എന്ന പദ്ധതി സംയോജിപ്പിച്ച് ഡെസ്റ്റിനേഷനുകളിൽ ശുചിത്വത്തിന് പ്രാധാന്യം നൽകി വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.**

**(ബി)** കായൽ ടൂറിസം ഉൾപ്പടെയുള്ള ടൂറിസം മേഖലകളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u> കായൽ ടൂറിസം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ ടൂറിസം മേഖലകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ടൂറിസം സാധ്യത, പദ്ധതി ഘടന,**

**സന്ദർശകരുടെ എണ്ണം, അനുബന്ധ NOC തുടങ്ങിയവ പരിശോധിച്ചാണ് അനുയോജ്യമായ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത് .**

**സെക്ഷൻ ഓഫീസർ**